www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 40 ലക്കം 11 നവംബർ 2025



മിശിഹായുടെ രാജത്വ തിരുനാൾ

EZmigrate
success partner
www.ezmigrate.co.nz

FOLLOW US ON
SCAN FOR WEBSITE

Are you looking to
# STUDY ABROAD
But unsure **Where to Start?**

Receive Free Expert Guidance




- EXPERT COURSE & CAREER COUNSELLING
- UNIVERSITY APPLICATIONS & SOP SUPPORT
- VISA GUIDANCE & DOCUMENTATION
- COURSES AVAILABLE FOR NURSING, PHARMACY AND OTHER HEALTHCARE GRADUATES
- COMPREHENSIVE ALLIED SERVICES
- ABROAD EDUCATION LOAN ASSISTANCE
- LANGUAGE TRAINING IELTS / PTE / OET
- TEACHING & EDUCATION PROGRAMMES FOR ASPIRING TEACHERS

study@ezmigrate.co.nz
Head Office: Hamilton, New Zealand +64210902 9528

**CONTACT NOW**
+91 99461 77111

Branch: Thannickal Towers, Kothaikunnu BypassRd, Thodupuzha, Kerala +91 99461 77111

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
03 ഇടവക വാർത്തകൾ
06 സംഘടനാ വാർത്തകൾ
12 കുടുംബവാർത്തകൾ
13 പ്രധാന ദിനങ്ങൾ
14 ബൈബിൾ ക്വിസ്
15 വാർഡ് പ്രാർത്ഥന
16 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 04862 - 222786, 8281717867
E-mail : muthalakodam123@gmail.com

| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ | Mob : 9447400859 |
| ചീഫ് എഡിറ്റേഴ്സ് | റവ. ഫാ. സ്കറിയ മെതിപ്പാറ | Mob : 9373856018 |
| | റവ. ഫാ. ജോസഫ് കാരക്കുന്നേൽ | Mob : 9496902515 |
| എഡിറ്റേഴ്സ് | ശ്രീമതി ഗ്രേസി തോമസ് പാറയിൽ | |
| | സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച് | |
| | ശ്രീ. ജോജോ ജോസഫ് പാറത്തലയ്ക്കൽ | |
| | ശ്രീ. കെ. പി. മാത്യു കൊച്ചുപറമ്പിൽ | |
| | ശ്രീ. പോൾ വർഗീസ് മച്ചുകുഴി | |
| | ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ | |
| | Ms.ഡോണ ബിജു അമ്പലത്തുരുത്തേൽ | |

# ENJOY ATM SERVICES

HITACHI
MONEY SPOT
ATM

## ഇപ്പോൾ പട്ടയംകവലയിലും




**പട്ടയംകവല**
കനാലിനു സമീപം
**പ്രവർത്തനം**
**ആരംഭിച്ചിരിക്കുന്നു.**

ബഹുമാന്യരെ,

റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അംഗീകാരത്തോടെ
പ്രവർത്തിക്കുന്ന **HITACHI MONEY SPOT ATM**
പട്ടയംക്കവല ടൗണിൽ കനാലിനു സമീപം
പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ഇവിടെ നിന്നും എല്ലാ
ബാങ്കുകളുടെയും പണം
എ.ടി.എം. കാർഡ് വഴി പിൻവലിക്കാൻ
കഴിയുന്നതാണ്.

100, 200, 500 നോട്ടുകൾ ലഭ്യമാണ്

ഒ.ററി.പി. ഇല്ലാതെ പണം പിൻവലിക്കാൻ സാധിക്കും

സർവ്വീസ് ചാർജുകൾ ഇല്ല*

## ALL BANK CARDS ACCEPTED

Canara Bank
SBI
FEDERAL BANK
YOUR PERFECT BANKING PARTNER
Indian Bank
ALLAHABAD BANK
Union Bank
Indian Overseas Bank
ICICI Bank
HDFC BANK
AXIS BANK
Dhanlaxmi Bank
TMB
IDBI BANK
Kerala Gramin Bank
SOUTH INDIAN Bank
Bank of Baroda
IndusInd Bank
ESAF
Central Bank of India

*As per RBI guidelins



# വികാരിയച്ചന്റെ സന്ദേശം

യുദ്ധങ്ങളും കലഹങ്ങളും ലോകത്തിന്റെയും മനുഷ്യന്റെയും സമാധാനം തല്ലിക്കെടുത്തിയ 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ, ഈ ലോകത്തെ മനുഷ്യമനസ്സുകളെ ഭരിക്കുന്നത്, ലോകത്തിനു സമാധാനം നൽകുന്നത് രാജാക്കന്മാരുടെ രാജാവായ ക്രിസ്തുവാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അന്നത്തെ മാർപാപ്പ പയസ് പതിനൊന്നാമൻ, നാമിന്ന് ആഘോഷിക്കുന്ന ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ സാർവത്രികസഭയിൽ ആഘോഷിക്കാൻ ആഹ്വാനം ചെയ്തു. അന്ന് യൂറോപ്പിൽ നിലനിന്നിരുന്ന മതേതരത്വം, ദേശീയത എന്നിങ്ങനെ രണ്ട് പ്രശ്നങ്ങൾക്കുള്ള മറുപടി എന്ന നിലയിലാണ് ഇപ്രകാരമൊരു പെരുന്നാൾ ആഘോഷിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തത്. പൗരസ്ത്യദേശത്തെ രാജസങ്കൽപത്തിൽ രാജാവിന്റെ പ്രധാനദൗത്യം രാജ്യത്തെ ക്രമസമാധാനം സ്ഥാപിക്കാൻ യുദ്ധംവഴി ബാഹ്യശത്രുക്കളുടെ ആക്രമണത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുക എന്നതും നിയമംവഴി ആഭ്യന്തരക്രമരാഹിത്യത്തെ ഉന്മൂലനം ചെയ്ത് ക്രമം സംസ്ഥാപിക്കുക എന്നതുമായിരുന്നു. രാജത്വം നാടുനീങ്ങിയ ഇക്കാലത്ത് പക്ഷേ, രാജസങ്കൽപം മനുഷ്യമനസ്സിൽനിന്നും പാടേ ഒഴിഞ്ഞുപോയിട്ടില്ല. ഒരു ഹീറോ ആയും സ്റ്റാറായും ലീഡറായും ക്യാപ്റ്റനായും പി.എം., സി.എം., ഒക്കെയായും രാജസങ്കൽപം ഇന്നും നമ്മുടെയൊക്കെ ചിന്തയിലും വാക്കിലും ചുറ്റിത്തിരിയുന്നു എന്നതാണ് സത്യം.

ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെ രാജത്വം അവന്റെ കൂടെയുണ്ട്. എവിടെയാണ് യഹൂദരുടെ രാജാവായി ജനിച്ചവൻ എന്ന ചോദ്യവുമായി പൂജരാജാക്കന്മാർ പൗരസ്ത്യദേശത്തുനിന്നു വരുമ്പോൾ തന്റെ ജനനത്തിൽ നക്ഷത്രങ്ങളെ ജനിപ്പിക്കുന്ന ഈ അപൂർവ രാജാവിനെ അവർ കണ്ടെത്തുന്നത് അരമനയിലായിരുന്നില്ല, കാലിത്തൊഴുത്തിലായിരുന്നു. ജനനം മുതലേ തുടങ്ങുകയാണ് നമ്മുടെ രാജാവിന്റെ വൈരുധ്യങ്ങൾ. അധികാരം പിടിച്ചടക്കാനായി ഐഹികരാജാക്കന്മാർ കരുക്കൾ നീക്കുമ്പോൾ, ജനം രാജാവാക്കാനായി പിടികൂടാൻ ശ്രമിച്ചപ്പോൾ ഒളിച്ചോടി മറഞ്ഞ ഒരു രാജാവാണ് ഈ രാജാവ്.





രാജാവായാലും രക്ഷകനായാലും മിശിഹാ ആയാലും ഒരു കാര്യം അവിടുന്ന് ആവർത്തിച്ച് വ്യക്തമാക്കി, 'ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്.'

ഒരേയൊരു തവണ അവിടുന്ന് രാജാവിനെപ്പോലെ പട്ടണ പ്രവേശം ചെയ്തു. അതും അശ്വത്തിൽ എഴുന്നള്ളുന്ന രാജാവിനെപ്പോലെ പ്രതാപവാനായല്ല, മറിച്ച് കഴുതക്കുട്ടിയുടെമേൽ അതീവ വിനയാന്വിതനായി ആബാലവൃദ്ധം ജനങ്ങളുടെ ഓശാന വിളികളോടു ചേർന്ന്. പീലാത്തോസിന്റെ മുൻപിൽ രാജാവാണെന്ന് ഏറ്റുപറയുന്ന നേരം, ശിരസ്സിൽ കിരീടം വച്ചല്ല, മുൾമുടി ധരിച്ച്, തളർന്ന്, സ്വന്തം രക്തം കറയായി പിടിച്ച വസ്ത്രം ധരിച്ച്, ശിരസ്സുയർത്തി അവിടുന്ന് പറഞ്ഞു: "ഞാൻ രാജാവാണ്." സ്വന്തം ജനത്തെയും ശത്രുക്കളെയും വാളിലും തോക്കിനും ഇരയാക്കുന്നതിന്റെ എണ്ണത്തിൽ റെക്കോർഡ് ഉണ്ടാക്കി അഭിമാനിച്ചിരുന്ന പഴയ കാലത്തെയും പുതിയ കാലത്തെയും രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും മുന്നിൽ ഈ രാജാവ് കൊല്ലപ്പെടുന്നവനായല്ല, കൊല്ലപ്പെട്ട കുഞ്ഞാടായി നിൽക്കുന്നു. സ്നേഹത്തിന്റെ നിയമം കൊണ്ട് ജനഹൃദയങ്ങളിൽ ഭരണം നടത്തുന്ന ഒരു രാജാവ്. വി. മദർ തെരേസയുടെ വാക്കുകളിൽ പറഞ്ഞാൽ, സ്നേഹിച്ച് ലോകം കീഴടക്കിയ ഒരു രാജാവ്.

സ്നേഹമുള്ളവരേ, ക്രൈസ്തവജീവിതത്തിൽ അനേകം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. ഐഹികരായ ഭരണകർത്താക്കൾ പ്രജകളോടുചെയ്യുന്ന കൊള്ളരുതായ്മകൾ വേണ്ടുവോളം അനുഭവിക്കുന്നവരാണ് നമ്മൾ. സാധാരണ ജനങ്ങളെ നിസ്സാരരായിക്കരുതി അവർ അങ്ങ് സഹിച്ചോട്ടെ എന്ന ഔദ്ധത്യം അവർ വച്ചുപുലർത്തുമ്പോഴും അതിനിടയിലും, ക്രിസുതുവാണ് എന്റെ രാജാവ് എന്ന് ഉറക്കെ വിളിച്ചുപറയുന്നവന്റെ ശബ്ദമാകണം ഓരോ ക്രിസ്തുശിഷ്യന്റേയും ജീവിതം. ക്രിസതുവിനെപ്പോലെ പീഡനങ്ങളിലും പ്രതിസന്ധികളിലും സത്യവും ധർമവും കൈമോശം വരാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ





# ഇടവക വാർത്തകൾ



**നന്ദി**

കഴിഞ്ഞ ഒരു മാസക്കാലം നമ്മുടെ ഇടവകയിൽ പരിശുദ്ധ അമ്മയോടു ചേർന്ന് ജപമാലയർപ്പിക്കാൻ നാമെല്ലാവരും പള്ളിയിലും മൈക്രോ യൂണിറ്റിലും ഒരുമിച്ച് ജപമാല ചൊല്ലുകയുണ്ടായി. പരസ്പര ഐക്യത്തിന്റേയും കൂട്ടായ്മയുടെയും അവസരമൊരുക്കി പ്രാർത്ഥനകളിൽ സഹകരിച്ച എല്ലാവർക്കും നന്ദി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം വഴി ധാരാളം കൃപകളും അനുഗ്രഹങ്ങളും നമ്മുടെ ഇടവകയിലും കുടുംബങ്ങളിലും ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## Logos Quiz Result 2025
## St. George Forane Church
## Muthalakodam

### Logos Family - Diocesan Winners

P.J Thomas, Gracy, Joice, Mereesa - Parayil (H)

### Group A

1. Mathew Jibin Pulparambil - 57
2. Esther Shaji Paul Chavittaniyil - 56
3. Jerom M Jibin Madathikandathil - 56





## Group B

1. Anna Mariya Babu Kochucharayil - 80
2. Arnold John Jijo Thekkethottiyil - 73
3. Mariya Jomon Maliyeckal - 64

## Group C

1. Sr. Anntreesa SH - 85
2. Joice Thomas Parayil - 83
3. Mereesa Thomas Parayil (Cat. Teacher) - 81
4. Sr. Blessy Johnson SH - 80

## Group D

1. Sr. Betsy SH - 82
2. Maria Soji Madathiparambil (Cat. Teacher) - 81
3. Juli Bijoy Josevilla Kizhekkethil - 80
4. Lincy Martin Chemparathy (Cat. Teacher) - 75
5. Elsita Bony Njaloor - 71
6. Sr. Tess Maria SH (Cat. Teacher) - 70
7. Sr. Tissa Maria SH (Cat. Teacher) - 70
8. Tintu Joseph Alappattu (Cat. Teacher) - 70

## Group E

1. Tessy Melvin Chakkumkal - 92
2. Gracy Thomas Parayil (Cat. Teacher) - 91
3. Elsy Baby Kurumpalath - 84
4. Merly James Mudayanezhath - 80





5. Ancy Joy Pallathu (Cat. Teacher) - 80
6. Jancy Joy Pazhukkakulathu (Cat. Teacher) - 77
7. Mini Antony Inchackal (Cat. Teacher) - 77
8. Mary Sebastian Naduparambil - 76
9. Shiny Thankachan Neeruveil - 76
10. Mercy Sebastian Chemparathy - 75
11. Mercy Jose Edassery (Cat. Teacher) - 73
12. Ivy Lal Arukakkal - 71
13. Lissy Manadan Manadan - 70

**Group F**

1. Mary Joseph Arpamattam Puthenpurayil - 94
2. Sr. Mercy Jose SH - 84
3. Sr. Elsy Maria SH - 84
4. K. K. Paily Kallinkakudiyil - 84
5. P. J. Thomas Parayil - 83
6. Sr. Elsit SH SH Convent - 82
7. Sr. Emelda SH SH Convent - 82
8. Sr. Ancy Jose SH SH Convent - 82
9. Sr. Jees Flower SH SH Convent - 81
10. Sr. Jais SH SH Convent - 80
11. Sr. Celigorin SH SH Convent - 77
12. Thresiamma Saviour Kuzhimattathil - 77
13. Molly Francis Mundackal - 74




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

* കൊന്ത ചൊല്ലി ജപമാല മാസം ആചരിച്ചു.
* ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് 5 മുതൽ 8 വരെ ക്ലാസിലുള്ള കുട്ടികൾക്കായി വൺഡേ സെമിനാർ നടത്തി. ഏകദേശം നൂറു കുട്ടികൾ സംബന്ധിച്ചു.
* സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തി.
* ഒക്ടോബർ 19 മിഷൻ സൺഡേയോടനുബന്ധിച്ച് മിഷൻലീഗ് കുട്ടികൾ മിഷൻട്രീ ഒരുക്കി. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട കൊച്ചച്ചന്മാരുടേയും അധ്യാപകരുടേയും നേതൃത്വത്തിൽ വിവിധങ്ങളായ ഗെയിംസും നടത്തി.
* 3 മുതൽ 5 വരെ ക്ലാസുകാർക്കായി വാട്ടർ കളറിംഗ് നടത്തി.
* നവംബർ 26-ാം തീയതി അധ്യാപക ക്വിസും കുട്ടികളുടെ ജൂബിലി മെഗാ ക്വിസും നടത്തി.
* വിശ്വാസ പരിശീലകർക്കുള്ള ലേഖന മത്സരത്തിൽ അധ്യാപകർ പങ്കെടുക്കുകയും മികച്ച മൂന്ന് ലേഖനങ്ങൾ രൂപതയിൽ ഏൽപ്പിക്കുകയും ചെയ്തു.

നവംബർ

* 1 - സകല വിശുദ്ധരുടെയും തിരുനാൾ
* 2 - സകല മരിച്ചവരുടെയും തിരുനാൾ
* 5 - വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ-അധ്യാപക ദിനം
* 9 - വിശ്വാസ പരിശീലകദിനാചരണം
* സൺഡേ സ്കൂൾ കുട്ടികൾ അനാഥാലയ സന്ദർശനം നടത്തുന്നു. ക്ലാസ് 12.
* മിശിഹായുടെ രാജത്വത്തിരുനാൾ.
* പതിനൊന്നാം ക്ലാസിലെ കുട്ടികൾ അനാഥാലയ സന്ദർശനം നടത്തുന്നു.

## ചെറുപുഷ്പ മിഷൻ ലീഗ്

* ചെറുപുഷ്പ മിഷൻലീഗ് മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആചരിച്ചു. അസാധാരണ സമ്മേളനം നടത്തി.
* 5, 6, 7, 8 ക്ലാസിലെ കുട്ടികൾക്ക്, “WALK WITH JESUS” സെമിനാർ നടത്തി. തിരുഹൃദയ സിസ്റ്റേഴ്സ് 15 പേർ ആണ് സെമിനാർ നയിച്ചത്. Group activities, sharing, action songs, games എന്നിവ ഉണ്ടായിരുന്നു.
* രണ്ടാം ശനിയാഴ്ച ജപമാല റാലി നടത്തി.
* Executive meeting നടന്നു. പരി. അമ്മയെക്കുറിച്ച്, ജോർജ്കുട്ടി ജെ. മഠത്തിക്കണ്ടത്തിൽ സംസാരിച്ചു.
* മുതലക്കോടം മേഖലയും കോതമംഗലം രൂപതയും ചേർന്നൊരുക്കിയ CHOSEN താബോർ ധ്യാന സെന്ററിൽ വച്ചു നടന്നു. നമ്മുടെ ശാഖയിൽ നിന്നും 8 പേർ CHOSEN ക്യാമ്പിൽ പങ്കെടുത്തു. ഒക്ടോബർ 4, 5 തീയതകളിലാണ് ക്യാമ്പ് നടന്നത്.
* രൂപതാ കലോത്സവത്തിൽ വിജയികളായവർ

| | | |
|---|---|---|
| Sub Junior Speech Boys | - | Ain Roy (Second) |
| Sub Junior Speech Girls | - | Evana Jordy (Second) |
| Junior Speech Boys | - | Ethen Jordy (First) |
| | | Anton Renju (Third) |
| Senior Girls Speech | - | Albeena Robin (Second) |
| Senior Solo Girls | - | Sephania Biju (Third) |
| Sub Junior Boys Bible Reading | - | Mathew Jibin (Third) |

* ഒക്ടോബർ 12 മുതൽ 19 വരെ മിഷൻ വാരാചരണം നടത്തി.

## കെ.സി.വൈ.എം

- യുവദീപ്തി കെ.സി.വൈ.എം മൂവാറ്റുപുഴ ഫൊറോന നടത്തിയ ബർമിയൻ 2025 രൂപതാതല ക്വിസ് കോമ്പറ്റീഷനിൽ നമ്മുടെ ഇടവകയിൽ നിന്നും ജോയ്സ് തോമസ്, മെരീസ തോമസ് എന്നിവർ പങ്കെടുത്തു.

## മാതൃവേദി

ഒക്ടോബർ 5-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

### ക്ലാസ്

ജപമാല ആയുധവും ആഭരണവും എന്ന വിഷയത്തെ ആസ്പദമാക്കി. ഡോ. ജെയിൻ ഊരക്കാട്ട് മാതാക്കൾക്ക് ക്ലാസ് നയിച്ചു.

### കൂൺകൃഷി പരിശീലനം

ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തിയ കൂൺകൃഷി പരിശീലനത്തിൽ മാതൃവേദി അമ്മമാർ പങ്കെടുത്തു.

### ലോഗോസ് 2025 മാതൃവേദി വിജയികൾ

ശ്രീമതി എൽസി ബേബി കുറുമ്പലത്ത് 84 മാർക്കോടെ ഒന്നാം സ്ഥാനവും, ശ്രീമതി മേഴ്സി സാന്റോ ചെമ്പരത്തി 75 മാർക്കോടെ രണ്ടാം സ്ഥാനവും, ശ്രീമതി മോളി ഫ്രാൻസിസ് മുണ്ടയ്ക്കൽ 74 മാർക്കോടെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

### ഫൊറോന സെമിനാർ

ജീവിത ശൈലി രോഗങ്ങളും പ്രതിവിധിയും - ആയുർവേദത്തിൽ എന്ന വിഷയത്തിൽ ഡോ. സി. ജോൺസി എസ്. എച്ച് ക്ലാസെടുത്തു.

### നവംബർ മാസ സമ്മേളനം

02.11.2025 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടും. റവ. സി. വിജിൽ എസ്. എച്ച് ക്ലാസ് നയിക്കുന്നതാണ്. എല്ലാ അമ്മമാർക്കും സ്വാഗതം.

## പിതൃവേദി

- ഭവനങ്ങളിൽ കിടപ്പുരോഗികളായുള്ളവർക്ക് ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ വി. കുർബാന എത്തിച്ചുനൽകുന്നതായിരിക്കും. ആവശ്യമുള്ളവർ പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
- എല്ലാ ആദ്യ ശനിയാഴ്ചകളിലും വൈകിട്ട് 7 മണിയുടെ വി. കുർബാനക്ക് ശേഷം ദേവാലയം ചുറ്റി ജപമാല പ്രദക്ഷിണം ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ.
- വെള്ളിയാഴ്ച ദിവസങ്ങളിൽ വൈകിട്ട് 07.30 ന് ദേവാലയത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതായിരിക്കും.





## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ചയും 8.30ന് ഓഫീസിൽ മീറ്റിംഗും പ്രാർത്ഥനയും നടത്തുന്നു. കോൺഫറൻസ് തീരുമാനം അനുസരിച്ച് 7 ദത്തു കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നു. നാല് വ്യക്തികൾക്ക് ചികിത്സാ സഹായം നൽകി. കിടപ്പുരോഗികളെയും സഹായം അർഹിക്കുന്നവരെയും കണ്ടെത്തുവാനും പ്രാർത്ഥിക്കുവാനും ആയി കോൺഫ്രൻസ് അംഗങ്ങളുടെ ഭവന സന്ദർശനം തുടരുന്നു.
* ഭവന സന്ദർശനം - 24, രോഗീ സന്ദർശനം - 38, ദത്തുകുടുംബ സന്ദർശനം - 6, താൽക്കാലിക സഹായം - 2
* വിൻസെന്റ് ഡീ പോൾ മുതലക്കോടം കോൺഫറൻസിന്റെ പ്ലാറ്റിനം ജൂബിലി (75 Years) ഉദ്ഘാടനം നവംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.
* പ്രാർത്ഥനയിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും പരസ്നേഹപ്രവർത്തനങ്ങളിലൂടെയും ക്രിസ്തുവിന് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന സമർപ്പിത യുവജനങ്ങളെയും മുതിർന്നവരെയും പ്രത്യേകമായി ഈ സംഘടനയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.
* സാമ്പത്തിക പരാധീനതമൂലം തുടർചികിത്സ നടത്താൻ കഴിയാത്തവർക്കും അശരണർക്കും രോഗികൾക്കുമായി സാമ്പത്തിക സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സൊസൈറ്റിയുമായി ബന്ധപ്പെടുക.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

- എല്ലാ തിങ്കളാഴ്ചയും 10.30 am ന് ജപമാലയോടുകൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
- 14 ദത്തുകുടുംബങ്ങൾക്കും, 8 ദത്തുവിദ്യാർത്ഥികൾക്കും എല്ലാ മാസവും സഹായം നൽകുന്നു.
- വാഴക്കുളം ഫൊറോന പാരീഷ് ഹാളിൽ വച്ച് വിൻസെൻഷ്യൻ അംഗങ്ങൾക്കുവേണ്ടി രൂപതാ തലത്തിൽ നടത്തിയ ഏകദിന ധ്യാനത്തിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.
- റവ. ഡോ. മാത്യു പുന്നത്താനത്തുകുന്നേൽ നയിച്ച ധ്യാനം രാവിലെ വി. കുർബാനയോടെ ആരംഭിച്ച് 04.00 pm ന് സമാപിച്ചു.





- വിൻസെൻഷ്യൻ അംഗങ്ങൾ പ്രസിഡന്റ് സിസ്റ്റർ മെർലി ജയിംസിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ പുതുക്കി.
- വിൻസെൻഷ്യൻ അംഗങ്ങൾ സ്നേഹാലയം സന്ദർശിച്ച് അവരോടൊത്ത് പ്രാർത്ഥനയിലും ആരാധനയിലും പങ്കുചേരുകയും, അതിനുശേഷം സ്നേഹവിരുന്ന് നടത്തുകയും ചെയ്തു.
- ആശുപത്രിയിൽ പ്രവേശിപ്പിച്ച സ്നേഹാലയത്തിലെ രോഗികൾക്ക് ബൈസ്റ്റാൻഡറായി അംഗങ്ങൾ സേവനം ചെയ്തു.
- ജപമാല മാസത്തിലെ ഒക്ടോബർ 13-ന് അംഗങ്ങൾ അഖണ്ഡ ജപമാല നടത്തി.
- ഭവന നിർമ്മാണ സഹായം - Rs. 55,000/-, ദത്തുകുടുംബ സന്ദർശനം - 68, രോഗീ സന്ദർശനം - 211, ഭവനസന്ദർശനം - 339, വിശേഷാൽ സന്ദർശനം - 93, സാന്ത്വന സന്ദർശനം - 38

## കേരള ലേബർ മൂവ്മെന്റ് (KLM)

- കേരള ലേബർ മൂവ്മെന്റ് മുതലക്കോടം യൂണിറ്റിന്റെ നേതൃത്വത്തിൽ മുതലക്കോടം പള്ളി പാരീഷ് ഹാളിൽ വച്ച് സെപ്റ്റംബർ 28-ാം തീയതി 'ഓട്ടോ സംഗമം' സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചൻ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ 'ട്രാഫിക് നിയമങ്ങളും റോഡ് മര്യാദകളും' എന്ന വിഷയത്തിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ റ്റി.ജെ. അജയൻ ക്ലാസ് നയിച്ചു.
- പൊതുയോഗം : കേരള ലേബർ മൂവ്മെന്റ് മുതലക്കോടം യൂണിറ്റിന്റെ പൊതുയോഗം ഒക്ടോബർ 12-ാം തീയതി നടത്തി. റവ. ഫാ. ജോസഫ് കാരക്കുന്നേൽ സ്വാഗതം ആശംസിച്ച യോഗത്തിൽ വെരി. റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചു. അഡ്വ. തോമസ് മാത്യു സംഘടനയുടെ വിവിധ പ്രവർത്തനങ്ങളേക്കുറിച്ച് വിലയിരുത്തി. യൂണിറ്റ് സെക്രട്ടറി ശ്രീമതി ഹെലൻ തുറയ്ക്കൽ 2023-24 ലെ റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ അഗസ്റ്റ്യൻ കവിയിൽ സാമ്പത്തിക കണക്കുവിവരങ്ങൾ അവതരിപ്പിച്ചു. യൂണിറ്റ് അനിമേറ്റർ സി. അൻസീന സന്നിഹിതയായിരുന്നു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ബെന്നി പെരികിലത്തിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.





## യൂദിത്ത് നവോമി ഫോറം

- യൂദിത്ത് നവോമി ഫോറം ഫൊറോന കൺവൻഷൻ സെപ്റ്റംബർ മാസം 27-ാം തീയതി മുതലക്കോടം പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. വെരി. റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപതാ ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം ഉദ്ഘാടനം ചെയ്തു. യൂദിത്ത് നവോമി രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി ലിസി സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീമതി ഹെലൻ തുറയ്ക്കൽ, ശ്രീ സ്റ്റാൻലി റ്റി.ജെ. (ചാരിറ്റി പ്രവർത്തകൻ, എറണാകുളം) എന്നിവർ യോഗത്തിൽ ആശംസകളർപ്പിച്ചു.

  റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ അമ്മമാർക്ക് ക്ലാസ് എടുത്തു. അമ്മമാരുടെ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ശ്രീമതി ബിന്ദു മാത്യുവിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

- 01.10.2025 ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ ഫൊറോന കമ്മിറ്റി മീറ്റിംഗ് പെരിയ ബഹു. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിന്റെയും ബഹു. ഫാ. ജോസഫ് നിരവത്തിന്റെയും സാന്നിധ്യത്തിൽ മുതലക്കോടം പള്ളിയുടെ ഹാളിൽ ചേർന്നു.
- 02.10.2025 ന് ദീപികാ ഫ്രണ്ട്സ് ക്ലബ്ബിന്റെയും, ഫാമിലി അപ്പസ്തോലേറ്റിന്റെയും സംയുക്തമായ ഫൊറോന സംഗമം മുതലക്കോടം പള്ളിയുടെ പാരീഷ് ഹാളിൽ നടത്തി. ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും ഡയറക്ടർ ബഹു. ഫാ. ആന്റണി പുത്തൻകുളം, മുതലക്കോടം പള്ളി വികാരി പെരിയ ബഹു. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, ഫാ. ജോൺസൺ പഴയപീടികയിൽ എന്നിവർ സന്നിഹിതരായിരുന്നു. ഡി.എഫ്.സി. ഫൊറോന ജോയിന്റ് സെക്രട്ടറി ശ്രീമതി ബിന്ദു തുറയ്ക്കൽ യോഗത്തിൽ സ്വാഗതം ആശംസിച്ചു. ഡി.എഫ്.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ലോറൻസ് എബ്രഹാം, ഡി.എഫ്.സി. രൂപതാ പ്രസിഡന്റ് ശ്രീ. ഡിഗോൾ ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഫാ. ആന്റണി പുത്തൻകുളം അല്മായ പ്രേക്ഷിതത്വത്തെക്കുറിച്ച് ക്ലാസ് നയിച്ചു. ഡി.എഫ്.സി. ഫൊറോന വൈസ് പ്രസിഡന്റ് ശ്രീമതി ലിസി തോട്ടുപാട്ട് എല്ലാവർക്കും നന്ദി പറഞ്ഞു.

# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | മാനുവൽ<br>മേഘ മേരി | കോട്ടയ്ക്കൽ<br>പള്ളിക്കാപ്പറമ്പിൽ | മൂക്കന്നൂർ<br>മുതലക്കോടം | 06/09/2025 |
| 02 | നിഖിൽ<br>സാന്ദ്ര | കുരുക്കൂർ<br>കളത്തിക്കുന്നേൽ | മുതലക്കോടം<br>കരിമ്പ | 28/09/2025 |
| 03 | സെബിൻ ഫ്രാൻസിസ്<br>ജുവൽ ട്രീസ | കട്ടപ്പുറത്ത്<br>പാലയ്ക്കത്തറപ്പിൽ | മുതലക്കോടം<br>മണ്ണയ്ക്കനാട് | 20/10/2025 |



## നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

മറിയാമ്മ ദേവസ്യ (73)
പനയ്ക്കൽ
അണ്ണായിക്കണ്ണം വാർഡ്
മരണം : 02/09/2025

ത്രേസ്യാമ്മ പൈലി (97)
കൊച്ചുപറമ്പിൽ
ഉരുളക്കോട് വാർഡ്
മരണം : 19/09/2025

ജോൺ (98)
കുഴികണ്ടത്തിൽ
കനാൽ കിഴക്ക് വാർഡ്
മരണം : 21/09/2025





## പ്രധാന ദിനങ്ങൾ - നവംബർ

| | | |
|---|---|---|
| 01 | ശനി | സകല വിശുദ്ധരുടെയും തിരുനാൾ |
| 02 | ഞായർ | സകല മരിച്ചവരുടെയും ഓർമ്മ |
| 03 | തിങ്കൾ | വി. മാർട്ടിൻ ഡി പോറസ് |
| 05 | ബുധൻ | വി. സഖറിയ, വി. ഏലീശ്വാ |
| 07 | വെള്ളി | ആദ്യവെള്ളി |
| 10 | തിങ്കൾ | മഹാനായ വി. ലിയോ (I) മാർപാപ്പ |
| 13 | വ്യാഴം | വി. സ്റ്റനിസ്ലാവോസ് |
| 17 | തിങ്കൾ | ഹംഗറിയിലെ വി. എലിസബത്ത് |
| 21 | വെള്ളി | മാർ തോമാശ്ലീഹായുടെ ഭാരത പ്രവേശനം |
| | | പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണം |
| 23 | ഞായർ | മിശിഹായുടെ രാജത്വത്തിരുനാൾ |
| 29 | ശനി | അന്ത്രയോസ് ശ്ലീഹാ |


## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2025 നവംബർ 6 - 8, 20 - 22**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com

ചോദ്യങ്ങൾ മത്തായി 21 മുതൽ 25 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 20

BIBLE QUIZ

1. പുനരുത്ഥാനത്തേക്കുറിച്ചുള്ള തർക്കത്തിൽ ഈശോ വാക്കുമുട്ടിച്ചത് ആരെയാണ് ?
2. മണവാളനെ എതിരേൽക്കാൻ ഒരുങ്ങിനിന്ന 10 കന്യകമാരിൽ എത്രപേർ കിടന്നുറങ്ങി ?
3. കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് വിനയാന്വിതനായി സീയോൻ പുത്രിയുടെ അടുത്തേക്ക് വരുന്ന രാജാവിനെപ്പറ്റി ഏത് പഴയ നിയമഗ്രന്ഥത്തിലാണ് പ്രവചിച്ചിരിക്കുന്നത് ?
4. "വെള്ളയടിച്ച കുഴിമാടങ്ങൾ" എന്ന് ഈശോ അഭിസംബോധന ചെയ്യുന്നത് ആരെയാണ് ?
5. അവസാന വിധിയിൽ ഇടതുഭാഗത്ത് അണിചേരുന്നവരെ മനുഷ്യപുത്രൻ എങ്ങനെയാണ് അഭിസംബോധന ചെയ്യുന്നത് ?
6. "ദൈവരാജ്യം നിങ്ങളിൽനിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നൽകപ്പെടും" ആര് ആരോട് പറഞ്ഞു ?
7. "സദാ ജാഗരൂകരായിരിക്കുവിൻ" എന്ന മത്തായി സുവിശേഷത്തിന്റെ അനുബന്ധമായ വചനഭാഗം മർക്കോസ് സുവിശേഷത്തിൽ എവിടെയാണ് കാണാൻ സാധിക്കുക ?
8. വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവർ എവിടേക്കെല്ലാമാണ് പോയത് ?
9. അധർമം വർധിക്കുന്നതിന്റെ പരിണിതഫലമായി ഈശോ ചൂണ്ടിക്കാണിക്കുന്നത് എന്ത് ?
10. നിയമജ്ഞരേയും ഫരിസേയരേയും അനുസരിക്കണമെന്ന് ആര് ആരോടാണ് പറയുന്നത് ?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. പാറമേൽ
2. മലാക്കി
3. പത്രോസ്
4. കടുകുമണി
5. ഉത്പത്തി 2:24
6. ജറീക്കോ
7. പത്രോസ്
8. യൂദയായുടെ അതിർത്തിയിൽ വച്ച്
9. ചെറിയവരിൽ ആരെയും
10. അതിരാവിലെ, 3-ാം മണിക്കൂർ, 6-ാം മണിക്കൂർ, 9-ാം മണിക്കൂർ, 11-ാം മണിക്കൂർ

## കഴിഞ്ഞലക്കം വിജയികൾ

1. ലൂസി ഫ്രാൻസിസ് കോട്ടയിൽ
2. റോസമ്മ പോൾ കൊച്ചുപറമ്പിൽ
3. ഇതൻ ജോസഫ് ചാമക്കാലായിൽ
4. മേഴ്സി സാന്റോ ചെമ്പരത്തി





## വാർഡ് പ്രാർത്ഥന നവംബർ 2025

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 01.11.2025 | പഴുക്കാകുളം കുരിശുപള്ളി | ബെന്നി പീറ്റർ മണിമലക്കണ്ടത്തിൽ |
| 03.11.2025 | ഇടിക്കിട്ടി | ഡെയ്സി ജോമോൻ തൈക്കുന്നുംപുറത്ത് |
| 04.11.2025 | ഉരുളക്കോട് | കെ.സി. ബെന്നി കരിമ്പാനിയിൽ |
| 05.11.2025 | പഴുക്കാകുളം കിഴക്ക് | ജിബിൻ ജെയിംസ് മുണ്ടത്താനത്ത് |
| 06.11.2025 | കാരൂപ്പാറ | ചിന്നമ്മ അഗസ്റ്റ്യൻ തുറയ്ക്കൽ |
| 08.11.2025 | കുന്നം | എ.വി. ജോർജ് അരീക്കുഴിയിൽ |
| 10.11.2025 | നെല്ലിക്കുഴി | ബേബി വർഗീസ് പള്ളത്ത് |
| 11.11.2025 | കുന്നം കുരിശുപള്ളി | വക്കച്ചൻ വർഗീസ് പുൽപ്പറമ്പിൽ |
| 12.11.2025 | പഴുക്കാകുളം | പോൾ റ്റി.ജെ. തൃക്കണ്ണശ്ശേരിയിൽ |
| 13.11.2025 | ചിറക്കണ്ടം | മാണി ചാക്കോ പേമരത്തിൽ |
| 15.11.2025 | കുന്നം കിഴക്ക് | ആനീസ് ജോസഫ് കല്ലറയ്ക്കൽ |
| 17.11.2025 | ഞരളക്കാട് ബി | ജോസ് ചെറുകാട്ടിൽ |
| 18.11.2025 | ഏഴുമുട്ടം | ടോമി മാത്യു ഏർത്തടത്തിൽ |
| 19.11.2025 | ഞരളക്കാട് എ | റ്റി.സി. ജോൺ തെക്കേത്തൊട്ടിയിൽ |
| 20.11.2025 | സാൻജോ | സിജു ജോർജ് കാരകുന്നേൽ |
| 22.11.2025 | കോണിക്കമ്യാൽ | റോയി ചെമ്പരത്തി |
| 24.11.2025 | കനാൽ കിഴക്ക് | ജെയിംസ് ജോസഫ് (സോജി) കമ്പകത്തിങ്കൽ |
| 25.11.2025 | കുന്നം പടിഞ്ഞാറ് | സഖറിയാസ് തുടിയംപ്ലാക്കൽ |
| 26.11.2025 | സ്നേഹാലയം | ജോണി ഒ.എ. ഓലിക്കത്തൊട്ടിയിൽ |
| 27.11.2025 | സാപിയൻസ്യ | വിൻസെന്റ് പുലിക്കോട്ടിൽ |
| 29.11.2025 | അണ്ണായിക്കണ്ണം | കെ.സി. മാത്യു കൊല്ലറയ്ക്കൽ |







# തിരുവചന വായനകൾ

## നവംബർ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>ഹെബ്രാ.<br>11:1-12<br>ലൂക്കാ.<br>1:5-20 | | | | | | **1**<br>1 തിമോ.<br>4:1-5<br>മത്താ.<br>5:38-42 |
| **2**<br>1 കോറി.<br>13:1-13<br>മത്താ.<br>16:13-19 | **3**<br>യാക്കോ.<br>3:6-12<br>ലൂക്കാ.<br>20:1-8 | **4**<br>ഹെബ്രാ.<br>6:1-6<br>ലൂക്കാ.<br>21:1-4 | **5**<br>യാക്കോ.<br>1:19-25<br>ലൂക്കാ.<br>8:26-39 | **6**<br>വെളി.<br>3:8-13<br>മത്താ.<br>9:35-38 | **7**<br>1 പത്രോ.<br>1:13-20<br>ലൂക്കാ.<br>19:1-10 | **8**<br>ശ്ലീഹ.<br>10:9-16<br>ലൂക്കാ.<br>5:1-11 |
| **9**<br>ഹെബ്രാ.<br>8:1-6<br>മത്താ.<br>12:1-13 | **10**<br>2 കോറി.<br>4:11-15<br>മത്താ.<br>19:16-22 | **11**<br>1 കോറി.<br>4:1-5<br>യോഹ.<br>6:47-53 | **12**<br>2 കോറി.<br>11:7-15<br>മർക്കോ.<br>10:28-30 | **13**<br>2 കോറി.<br>11:16-21<br>ലൂക്കാ.<br>10:8-16 | **14**<br>ഗലാ.<br>4:12-20<br>യോഹ.<br>14:1-7 | **15**<br>3 യോഹ.<br>5-12<br>ലൂക്കാ.<br>22:24-30 |
| **16**<br>ഹെബ്രാ.<br>9:5-15<br>യോഹ.<br>2:13-22 | **17**<br>ഹെബ്രാ.<br>13:9-16<br>ലൂക്കാ.<br>11:1-4 | **18**<br>യൂദാ.<br>17-25<br>ലൂക്കാ.<br>8:1-3 | **19**<br>കൊളോ.<br>3:22-25<br>മത്താ.<br>16:21-28 | **20**<br>വെളി.<br>19:5-10<br>മത്താ.<br>22:1-14 | **21**<br>വെളി.<br>19:11-16<br>യോഹ.<br>18:28-37 | **22**<br>വെളി.<br>21:9-14<br>ലൂക്കാ.<br>9:10-17 |
| **23**<br>ഹെബ്രാ.<br>9:16-28<br>മത്താ.<br>22:41-46 | **24**<br>വെളി.<br>4:1-11<br>മത്താ.<br>6:19-21 | **25**<br>1 തെസ.<br>4:1-8<br>മർക്കോ.<br>5:25-34 | **26**<br>ഹെബ്രാ.<br>1:1-4<br>മർക്കോ.<br>12:18-27 | **27**<br>1 പത്രോ.<br>1:3-7<br>യോഹ.<br>17:12-19 | **28**<br>വെളി.<br>14:1-7<br>ലൂക്കാ.<br>19:45-48 | **29**<br>1 പത്രോ.<br>4:1-10<br>യോഹ.<br>12:37-43 |



സ്നേഹസ്മരണയ്ക്ക്......

## 1–ാം ചരമവാർഷികം



# പി. എം. ചാക്കോ

## പാറയിൽ

## ശാസ്താംപാറ

ജനനം : 02–03–1965

മരണം: 17–11–2024

"എന്റെ ഓർമ്മകൾ നിങ്ങൾക്ക് ഏറെ ദുഃഖം ഉണ്ടാക്കുമെങ്കിലും
എന്റെ പ്രാർത്ഥന എന്നും നിങ്ങൾക്ക് തണലാകും"

സ്നേഹസ്മരണയ്ക്ക്......

5–ാം ചരമവാർഷികം
(20–11–2025)



# പി.വി.ജോസഫ് (ഔസേപ്പച്ചൻ)
## പാറത്തലയ്ക്കൽ

മുതലക്കോടം, കുന്നം

ജനനം : 09–02–1940 മരണം : 20–11–2020



**50 YEAR WEDDING ANNIVERSARY**

Date of Wedding

**24th November 1975**

**JACOB K.V.** **(Chackochan)**

**THRESIAKUTTY JACOB** **(Leelamma)**

**Kizhakkedathil (Chemparathy)**

*Congratulations With Love, Prayers & Best Wishes*

Children
Twin Daughters : Ancy (Simmy) & Mercy (Nimmy)
Twin Sons : Geogin (Sony) & Justin (Rony)

Sons-in-law
Bejoy Varghese & Joe Rockey

Daughters - in - law
Ditty Geogin & Swapna Justin

Grand Children
Nicole & Eric, Kevin & Kenneth
Jessica, Amy & Grace

"ഞാനാണ് പുനരുത്ഥാനവും ജീവനും; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11:25)

## സ്നേഹ സ്മരണയ്ക്ക്....

## 8–ാം ചരമവാർഷികം



# ബേബി ജോസഫ്

## തൊണ്ടിയാമലയിൽ

### ഏഴുമുട്ടം

ജനനം : 07-01-1960 മരണം : 16-11-2017

